പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 704 — 10/02/2016 ൽ മറുപടിക്ക്

## താലൂക്കാശുപത്രി കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊയിലാണ്ടി താലൂക്കാശുപത്രിയിലെ പുതിയ കെട്ടിടനിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | കൊയിലാണ്ടി താലൂക്കാശുപത്രിയിലെ പുതിയ കെട്ടിടത്തിന്റെ സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ചു വരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല. |
| (ബി) | പുതിയ കെട്ടിടം വരുന്നതോടെ എന്തെല്ലാം സംവിധാനങ്ങളാണ് ആശുപത്രിയിൽ സജ്ജമാവുക എന്ന് വിശദമാക്കാമോ; | (ബി) | പുതിയ ആശുപത്രി കെട്ടിടം പ്രവർത്തനക്ഷമമാകുമ്പോൾ ആശുപത്രിയിലെ എല്ലാ സ്പെഷ്യലിറ്റികൾക്കും പ്രത്യേകം പ്രത്യേകം വാർഡുകൾ, ജെറിയാട്രിക് വാർഡ്, 3 മേജർ ഓപ്പറേഷൻ തീയേറ്ററുകൾ-മൈനർ ഓപ്പറേഷൻ തീയറ്ററുകൾ, പീഡിയാട്രിക്സ്, മെഡിസിൻ, പോസ്റ്റ് ഓപ്പറേറ്റീവ് വിഭാഗങ്ങളിലെ ഐ.സി.യു. എന്നീ സൗകര്യങ്ങൾ ലഭ്യമാകും. |
| (സി) | താലൂക്കാശുപത്രിയിൽ ഈ സർക്കാറിന്റെ കാലത്ത് നടന്നിട്ടുള്ള പർച്ചേസുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ 82.5 കെ.വി.എ., 20 കെ.വി.എ എന്നീ പ്രകാരം ശേഷിയുള്ള 2 ജനറേറ്ററുകൾ, സി.ആം ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, റേഡിയന്റ് വാർമർ, എക്സ്-റേ മെഷീൻ, കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി, ന്യൂബോൺ റസിസിറ്റേഷൻ യൂണിറ്റ്, ഫുള്ളി ഓട്ടോമേറ്റഡ് ബയോകെമിസ്ട്രി അനലൈസർ, എലീസ റീഡർ, ബൈനോക്കുലർ, മൈക്രോസ്കോപ്പ്, ക്രാഷ് കാർട്ട്, കമ്പ്യൂട്ടർ, സ്കാനർ & പ്രിന്റർ, സ്റ്റീൽ ഫർണിച്ചർ, ഓക്സിജൻ സിലിണ്ടർ, റഫ്രിജറേറ്റർ, എയർ കണ്ടീഷണർ, ഹെമറ്റോളജി അനലൈസർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | പുതുതായി താലൂക്കാശുപത്രിയിലേക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിനായി എന്തെങ്കിലും ഉത്തരവുകൾ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഇല്ല. |
| (ഇ) | പുതിയ കെട്ടിടം വന്നതോടെ ആശുപത്രിയുടെ ഭൗതിക പശ്ചാത്തലം വികസിച്ച സാഹചര്യത്തിൽ താലൂക്കാശുപത്രിയിൽ കൂടുതൽ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും | (ഇ) | പുതിയ കെട്ടിടം പ്രവർത്തനക്ഷമമാകുന്നതോടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുമ്പോൾ പുതിയ സ്പെഷ്യലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയും. പുതിയ സംവിധാനങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളും ശുപാർശകളും ആരോഗ്യവകുപ്പ് |

| | | | |
|---|---|---|---|
| | ആശുപത്രിയുടെ നിലവാരം ഉയർത്തുവാനും ഉള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കൊയിലാണ്ടി താലൂക്കാശുപത്രിയിൽ ദിനം പ്രതി വരുന്ന ഒ.പി. , ഐ.പി. പരിശോധിക്കുമ്പോൾ പ്രസ്തുത ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനു വേണ്ട പ്രാഥമിക നടപടികൾ ഉടനെ സ്വീകരിക്കുമോ? | | ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ